**വിവരാവകാശം / മറുപടി**

നമ്പർ: E6-7045/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 1-6-2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. ഇ.ഹരികൃഷ്ണൻ,
29/299, ശ്രീപദം,
കുന്നത്ത് ലെയ്ൻ
തിരുവമ്പാടി പി.ഒ
തൃശ്ശൂർ 680022.

സർ,

വിഷയം: സാ.നീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 26.5.18 തീയതിയിലെ താങ്കളുടെ അപേക്ഷ.

താങ്കൾ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്കുള്ള മറുപടി ചേർക്കുന്നു.

1. തൃശ്ശൂർ ജില്ലാ ഓഫീസിൽ നിന്നും ഡ്രൈവർ തസ്തികയിലുണ്ടായ ഒഴിവുകൾ ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.
2. പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായുള്ള ഒഴിവുകൾ ഉണ്ടായിട്ടില്ല.
3. 2.4.2003ലെ കേന്ദ്ര സർക്കാരിന്റെ FNO 1-3/2002 CDI VOL.II നം. കത്ത് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ ICDS പ്രോജക്ടുകളിൽ ഉണ്ടാകുന്ന ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ നികത്തേണ്ടതില്ല എന്നും ഡ്രൈവർ തസ്തികയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് അവ നിർത്തലാക്കേണ്ടതാണെന്നും നിർദ്ദേശമുള്ളതിനാൽ ICDS പ്രോജക്ടുകളിൽ ഡ്രൈവർ തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ PSCയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കഴിയുകയില്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം ശ്രീമതി. ഗീത.കെ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്. രാജീവ്കുമാർ**
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

*db@18*